പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3975 | 16-05-2017-ലെ മറുപടിയ്ക്ക്

## 2016-17 വർഷത്തിലെ കൃഷിനാശത്തിന്റെ ജില്ല തിരിച്ച കണക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. ദിവാകരൻ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| **(എ)** | സംസ്ഥാനത്ത് വരൾച്ച മൂലം 2016-17 വർഷത്തിൽ എത്ര തുകയുടെ കൃഷിനാശം ഉണ്ടായിട്ടുണ്ടെന്ന് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | **(എ)** | സംസ്ഥാനത്ത് വരൾച്ച മൂലം ഏകദേശം 64909 കർഷകരുടെ 43455.06 ഹെക്ടർ കൃഷി നശിച്ചതായും ഏറ്റവും കുറഞ്ഞത് 786.32 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതുമായാണ് പ്രാഥമിക വിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ വിശദമായ കണക്കെടുപ്പ് കഴിയുമ്പോൾ നഷ്ടം വൻതോതിലുണ്ടാകും എന്നാണ് കണക്കാക്കുന്നത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** | കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച വിശദാംശം നൽകുമോ? | **(ബി)** | വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവൻ വഴി സ്വീകരിച്ചുവരുന്നു. 31-10-2016-ൽ സംസ്ഥാനത്തെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച ശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കൃഷിനാശത്തിന് ആശ്വാസ ധനസഹായമായി 15.466 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ അധിക തുകയായി വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്കായി 25 കോടി രൂപയും 2016-17 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തിയും നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് 22-03-2017-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1995-ന് ശേഷം ആദ്യമായാണ് കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചത്. വിള ഇൻഷ്വറൻസ് പദ്ധതികളിൽ അംഗമായിട്ടുള്ള |

കർഷകർക്ക് വിളനാശം സംഭവിക്കുന്നതിന് ആനുപാതികമായി നഷ്ടപരിഹാര തുക ലഭിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തുകയും അതുപ്രകാരം 2017 മാർച്ച് 28-ന് സംസ്ഥാന റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാർ സംയുക്തമായി കേന്ദ്ര കൃഷി വകുപ്പ് മന്ത്രിക്ക് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം സമർപ്പിക്കുകയും, ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം ഏപ്രിൽ 19 മുതൽ 21 തീയതി വരെ കേരളം സന്ദർശിച്ച് വരൾച്ച സ്ഥിതി വിലയിരുത്തിയിട്ടുണ്ട്. കൃഷി നാശത്തിന് ആനുപാതികമായി കേന്ദ്ര സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സെക്ഷൻ ഓഫീസർ**

PRELIMINARY REPORT ON DISTRICT WISE CROP DAMAGE DUE TO DROUGHT 2017 - Report as on 09.05.2017

| SL. NO. | DISTRICT | Total area affected(ha) | No of farmers affected | ESTIMATED LOSS (Rs) |
|---|---|---|---|---|
| 1 | Thiruvananthapuram | 593.95079 | 11504 | 377464750 |
| 2 | Kollam | 1977.4255 | 5345 | 771584000 |
| 3 | Alappuzha | 10413.44 | 8320 | 1230482500 |
| 4 | Pathanamthitta | 1069.4329 | 933 | 258005250 |
| 5 | Kottayam | 863.9105 | 3258 | 389217950 |
| 6 | Idukki | 72.025534 | 517 | 23761500 |
| 7 | Ernakulam | 136.99834 | 1085 | 28693550 |
| 8 | Thrissur | 2674.6703 | 7250 | 308605500 |
| 9 | Palakkad | 19234.745 | 18018 | 2087508600 |
| 10 | Malappuram | 2700.5712 | 1986 | 582422750 |
| 11 | Kozhikode | 55.638614 | 486 | 14716750 |
| 12 | Wayanad | 1432.2 | 2761 | 619995000 |
| 13 | Kannur | 2024.2014 | 2365 | 1109715300 |
| 14 | Kasaragod | 205.84671 | 1081 | 61040900 |
| TOTAL | | 43455.06 | 64909 | 7863214300 |

സെക്ഷൻ ഓഫീസർ